(സി) നിരക്ക് മാനദണ്ഡങ്ങൾക്ക് അന്തിമരൂപം നൽകുന്നതിന് മുൻപ് പൊതുജനാഭിപ്രായം അറിയുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ കരട് താരിഫ് നിർണ്ണയ ചട്ടങ്ങളിന്മേൽ ഉപഭോക്താക്കൾക്കും പൊതുജനങ്ങൾക്കും തങ്ങളുടെ അഭിപ്രായം രേഖാമൂലം അറിയിക്കുന്നതിന് ഒരു മാസത്തെ സമയം അനുവദിച്ചിരുന്നു.

### ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിച്ചതിന്റെ ചെലവ്

243 (628) ശ്രീ. ഒ. ആർ. കേളു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2021 കാലത്ത് മാനന്തവാടി നിയോജകമണ്ഡലത്തിൽ റോഡ് വികസനത്തിന്റെ ഭാഗമായി ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിച്ചതിലേയ്ക്കായി പൊതുമരാമത്ത് വകുപ്പിൽനിന്നും എത്ര രൂപ ലഭ്യമായിട്ടുണ്ട്?

1,11,26,722 (ഒരു കോടി പതിനൊന്നുലക്ഷത്തി ഇരുപത്തിയാറായിരത്തി എഴുനൂറ്റി ഇരുപത്തിരണ്ട് ) രൂപ ലഭ്യമായിട്ടുണ്ട്.

(ബി) ഇതിലുൾപ്പെട്ട ഓരോ റോഡിന്റെ പേരും എത്ര ഇലക്ട്രിക് പോസ്റ്റുകളാണ് മാറ്റി സ്ഥാപിച്ചതെന്നും ഓരോ റോഡിനും ഈടാക്കിയ തുകയും വിശദമാക്കാമോ?

ഇതു സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

### വൈദ്യുതിക്ഷാമം ഒഴിവാക്കാൻ പദ്ധതികൾ

244 (629) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതിക്ഷാമം ഇല്ലെന്ന് ഉറപ്പ് വരുത്തുന്നതിനായി നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ?

വൈദ്യുതിക്ഷാമം ഇല്ലെന്ന് ഉറപ്പുവരുത്തുന്നതിനായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

വിവിധ കാരണങ്ങളാൽ നിർമ്മാണ പ്രവർത്തനങ്ങൾ മുടങ്ങിക്കിടന്ന ജലവൈദ്യുത പദ്ധതികളായിരുന്ന ചാത്തൻകോട്ടുനട സ്റ്റേജ് II (3x2 MW), പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീം (2x30 MW), തോട്ടിയാർ (1x30 MW+1x10 MW) ജലവൈദ്യുത പദ്ധതികൾ.

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

1. ചാത്തൻകോട്ടുനട സ്റ്റേജ് II (3x2 MW) പദ്ധതി 20-2-2021-ന് രാഷ്ട്രത്തിന് സമർപ്പിച്ചു.

2. പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീം (2x30 MW)- പ്രസ്തുത പദ്ധതിയുടെ ബാക്കിയുള്ള ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾ 11-8-2021-ന് റീ-ടെണ്ടർ ചെയ്തിരിക്കുകയാണ്. ഒക്ടോബർ 2022-ന് പദ്ധതി പൂർത്തീകരിക്കുവാൻ ലക്ഷ്യമിടുന്നു.

3. തോട്ടിയാർ (1x30 MW+1x10 MW) -ബാക്കിയുള്ള ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾ വിഭജിച്ച് ടെണ്ടർ ക്ഷണിക്കുകയും പ്രവൃത്തികൾ നടന്നുവരികയും ചെയ്യുന്നു. മേയ് 2022-ൽ പൂർത്തീകരിക്കുവാൻ ലക്ഷ്യമിടുന്നു.

നിർമ്മാണത്തിലിരിക്കുന്ന മറ്റ് പദ്ധതികൾ ഇപ്രകാരമാണ്.

4. പെരിങ്ങൽകുത്ത് SHEP (1x24MW) -പ്രസ്തുത പദ്ധതിയുടെ ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾ 94.9% പൂർത്തീകരിച്ചു. മാർച്ച് 2022-ൽ പദ്ധതി പൂർത്തീകരിക്കുവാൻ ലക്ഷ്യമിടുന്നു.

5. ഭൂതത്താൻകെട്ട് (3x8 MW) Rate escalation-ന് വേണ്ടി കോൺട്രാക്ടർ കേസ് ഫയൽ ചെയ്തിരുന്നു. എന്നാൽ കോൺട്രാക്ടറുമായി 30.7.2021-ന് കെ.എസ്.ഇ.ബി. ലിമിറ്റഡ് ചർച്ച നടത്തുകയും കോൺട്രാക്ടർ മെഷീൻ ഇറക്കുമതി ചെയ്യുവാൻ ഒരു നിർദ്ദിഷ്ട തുക അഡ്വാൻസ് കൊടുക്കുവാൻ ആവശ്യപ്പെട്ടിരിക്കുന്നു.

6. പെരുവണ്ണാമൂഴി SHEP (2x3MW) -25-1-2021- ൽ പ്രസ്തുത പദ്ധതിയുടെ ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾ M/s കിർലോസ്കർ ബ്രദേഴ്സ് ലിമിറ്റഡ് എന്ന കമ്പനിക്ക് അവാർഡ് ചെയ്തു. ഡ്രോയിംഗ് അപ്രൂവൽ പുരോഗമിക്കുന്നു. 2023 മാർച്ച് മാസം പൂർത്തീകരിക്കുവാൻ ലക്ഷ്യമിടുന്നു.

7. പഴശ്ശിസാഗർ SHEP (3x2.5 MW) 25-1-2021- ൽ പ്രസ്തുത പദ്ധതിയുടെ ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾ M/s കിർലോസ്കർ ബ്രദേഴ്സ് ലിമിറ്റഡ് എന്ന കമ്പനിക്ക് അവാർഡ് ചെയ്തു. ഡ്രോയിംഗ് അപ്രൂവൽ പുരോഗമിക്കുന്നു. 2023 സെപ്റ്റംബർ മാസം പൂർത്തീകരിക്കുവാൻ ലക്ഷ്യമിടുന്നു.

8. അപ്പർ കല്ലാർ SHEP (2x1 MW) -പ്രസ്തുത പദ്ധതിയുടെ രണ്ട് മെഷീനുകളുടെയും മെക്കാനിക്കൽ സ്പിന്നിംഗ് 5-9-2021-ൽ നടന്നു. ജലവൈദ്യുത പദ്ധതികളായ ഇടുക്കി (ഒന്നാം ഘട്ടം 3x130 MW), ഷോളയാർ (3x18 MW) (പവർഹൗസും പെൻസ്റ്റോക്കും) നിലയങ്ങളുടെ പുനരുദ്ധാരണ നവീകരണ പ്രവൃത്തികൾ പൂർത്തിയാക്കി.

LIBRARY ARCHIVES Kerala Legislative Assembly

9. കുറ്റ്യാടി ജലവൈദ്യുത പദ്ധതി (3x25 MW to 3x27.5 MW) പ്രസ്തുത പദ്ധതികളുടെ പുനരുദ്ധാരണ നവീകരണ ശേഷി വർദ്ധിപ്പിക്കൽ പുരോഗമിക്കുന്നു. M/s ഭാരത് ഹെവി ഇലക്ട്രിക്കൽസ് ആണ് കരാറുകാരൻ. പ്രസ്തുത പ്രവൃത്തി 2023 സെപ്റ്റംബർ മാസം പൂർത്തീകരിക്കുവാൻ ലക്ഷ്യമിടുന്നു. ടെൻഡറിംഗ് സ്റ്റേജിലുള്ള മറ്റ് പദ്ധതികൾ ഇപ്രകാരമാണ്. ചിന്നാർ (2x12 MW), ആനക്കയം (3x2.5 MW), മാരിപ്പുഴ (2x3 MW), ഒലീക്കൽ (2X2.5 MW), പൂവാരംതോട് (2x1.5 MW)

(ബി) ട്രാൻസ്ഗ്രിഡ് പദ്ധതി പൂർത്തീകരിക്കുവാൻ സ്വീകരിക്കുന്ന നടപടികളെകുറിച്ച് വ്യക്തമാക്കാമോ?

സംസ്ഥാനത്തിന്റെ പ്രസരണ ശൃംഖലയുടെ ശേഷി വർദ്ധിപ്പിച്ച് പ്രസരണ നഷ്ടം കുറയ്ക്കുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള വൻകിട പദ്ധതിയാണ് ട്രാൻസ്ഗ്രിഡ്. പ്രസ്തുത പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിനായി ഒരു ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ പ്രത്യേക വിഭാഗം ഷൊർണ്ണൂർ ആസ്ഥാനമായി പ്രവൃത്തിക്കുന്നു. കൂടാതെ കേരളത്തിന്റെ തെക്ക്, വടക്ക് മേഖലയിലെ നിർമ്മാണപ്രവൃത്തികളുടെ മേൽനോട്ടത്തിനായി കളമശ്ശേരിയും ഷൊർണ്ണൂരും ആസ്ഥാനമായി രണ്ട് ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാരുടെ ഓഫീസുകളും പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത ഓഫീസിനുകീഴിലുള്ള വിവിധ കൺസ്ട്രക്ഷൻ വിഭാഗങ്ങളിലൂടെ വിശദമായ പദ്ധതി റിപ്പോർട്ട്, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുകയും സാമ്പത്തിക സ്രോതസ്സുകളായ KIIFB, PSDF, MNRE എന്നിവയിൽ നിന്നുള്ള അനുമതി നേടിയെടുക്കുകയും ചെയ്തുവരുന്നു. സമയബന്ധിതമായി ടെണ്ടർ നടപടികൾ പൂർത്തിയാക്കി വിവിധ സർക്കാർ വകുപ്പുകളുടെ സഹകരണത്തോടുകൂടി പ്രസ്തുത പദ്ധതി വിവിധ പാക്കേജുകളായി നടപ്പിലാക്കി കൃത്യമായ പുരോഗതി വിലയിരുത്തിവരുന്നു. ഗവൺമെന്റിന്റെ ഫ്ലാഗ്ഷിപ്പ് പ്രോജക്ടുകളിൽ ഉൾപ്പെട്ട ടി പദ്ധതിയുടെ പുരോഗതി ബോർഡ് തലത്തിൽ വിലയിരുത്തുന്നതിന് പുറമേ ചീഫ് സെക്രട്ടറി ഉൾപ്പെടുന്ന ഉന്നതതല കമ്മിറ്റിയും കൃത്യമായ ഇടവേളകളിൽ അവലോകനം ചെയ്തു വരുന്നു.

**ഭൂഗർഭ വൈദ്യുത പദ്ധതി**

245 (630) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂഗർഭ വൈദ്യുത പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly